# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5028 — 23.03.2018-ൽ മറുപടിയ്ക്ക്.

## സംസ്ഥാനത്തെ പാൽ ഉല്പാദനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത യിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ മുഖേന കഴിഞ്ഞ 3 വർഷം ഉണ്ടായ പാലുൽപ്പാദന വർധന സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; | (എ) 2014-15–ൽ 15.26 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിച്ച സ്ഥാനത്ത് 2015-16–ൽ 16.36 ലക്ഷം ലിറ്റർ സംഭരിക്കുവാൻ കഴിഞ്ഞു. 2015-16–ൽ കടുത്ത വരൾച്ച ഉണ്ടായ സാഹചര്യത്തിൽ പോലും 2016-17–ൽ സംഭരണം 16.27 ആയി നിലനിർത്താൻ കഴിഞ്ഞു.<br>2015 മുതൽ 2017 വരെ ഏപ്രിൽ മാസത്തിലും ഒക്ടോബർ മാസത്തിലും ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിച്ച പാലിന്റെ കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | ഏപ്രിൽ (ലക്ഷം ലിറ്റർ) | ഒക്ടോബർ (ലക്ഷം ലിറ്റർ) |
| --- | --- | --- |
| 2015 | 46.67 | 50.32 |
| 2016 | 47.28 | 51.39 |
| 2017 | 48.86 | 56.28 |

| ചോദ്യം | ഉത്തരം |
| --- | --- |
| (ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാക്കറ്റ് പാലുകളിൽ ഗുണനിലവാരമില്ലാത്തവ എന്ന് കണ്ടെത്തി ഏതെങ്കിലും കമ്പനിയുടെ ഉല്പന്നങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) രേഷ്മ, ഹെറിറ്റേജ്, ലയ എന്നീ ബ്രാൻഡുകളിലുള്ള പാക്കറ്റ് പാലുകൾ ഗുണനിലവാരമില്ലയെന്ന് കണ്ടെത്തി നിരോധിച്ചിട്ടുണ്ടായിരുന്നു. തുടർപരിശോധന കളിൽ നിശ്ചിത നിലവാരം പുലർത്തിയതിനാൽ ഇവയുടെ നിരോധനം നീക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ